## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## അഡീഷണൽ ഡയറക്ടർ(മെഡിക്കൽ) ന്റെ നടപടിക്രമം

വിഷയം : ആ.വ.ഡ – ജീവനക്കാര്യം – ശ്രീ. സാദിഖലി കല്ലൻകുന്നൻ, ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് – 2 സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്-

സൂചന : 1. നം. എ7/3929/2020/ജി.മെ.ഒ(ആ), മലപ്പുറം, തീയതി. 11.03.2020
2. Adv. No. MRI(I)-1628/2007/KPSC, Malappuram, Dated: 12.09.2012
3. ഉത്തരവ് നം. എ8-20556/2012/ജി.മെ.ഓ(ആ), മലപ്പുറം, തീയതി. 04.10.2012
4. ഉത്തരവ് നം. എ8-20556/2012/ജി.മെ.ഓ(ആ), മലപ്പുറം, തീയതി. 07.03.2013
5. ഉത്തരവ് നം. ഇ. എസ്2-95290/2017/ആ.വ.ഡ, തീയതി. 11.12.2019
6. 15.09.2020 ലെ ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ് നം. ഇ.എസ്2/20281/20/ആ.വ.ഡ/തീയതി : 12.10.2020**

പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് – 2 ആയ ശ്രീ. സാദിഖലി കല്ലൻകുന്നൻ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ സൂചന 1 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം അയച്ചുതന്നിരിക്കുന്നു.

ശ്രീ. സാദിഖലി കല്ലൻകുന്നൻ സൂചന 2 പ്രകാരമുള്ള പി. എസ്. സി അഡ്വൈസിന്റെയും, സൂചന 3 പ്രകാരമുള്ള നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ്-2 തസ്തികയിൽ 10.10.2012 ൽ സർവ്വീസിൽ പ്രവേശിച്ചു. സൂചന 4 പ്രകാരം 10.10.2014 ന് പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. 14.11.2016 ന് മലപ്പുറം ജില്ലാ പി. എസ്. സി ഓഫീസറുടെ അഡ്വൈസ് പ്രകാരം 14.12.2016 ന് ആരോഗ്യവകുപ്പിൽ ലാബ്ടെക്നീഷ്യൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. 16.07.2019 ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഇ. എഫ്4(ഇ. എഫ്2) 95683/2018 ഉത്തരവ് പ്രകാരം ട്രീറ്റ്മെന്റ് തസ്തികയിൽ പുനർനിയമനം നൽകി.

സൂചന 5 പ്രകാരമുള്ള ട്രീറ്റ്മെന്റ് ഓർഗനൈസർമാരുടെ ടിയാളുടെ പേര് ഉൾപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ സൂചന 1 പ്രകാരമുള്ള പി. എസ്. സി അഡ്വൈസിന്റെ തീയതി കണക്കിലെടുത്ത് ടിയാന് സൂചന 5 പ്രകാരമുള്ള 17.09.2000 മുതൽ 31.12.2016 വരെയുള്ള ട്രീറ്റ്മെന്റ് ഓർഗനൈസർമാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 7 A താൽക്കാലികമായി നൽകി സൂചന 6 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.

ആയതിനാൽ ശ്രീ. സാദിഖലി കല്ലൻകുന്നൻ ന് ട്രീറ്റ്മെന്റ് ഓർഗനൈസർമാരുടെ 17.09.2000 മുതൽ 31.12.2016 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 7 A സ്ഥാനം നൽകി ഉൾപ്പെടുത്താൻ സ്വീകരിച്ച താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു

## Seniority list of Treatment Organizer Gr. II

| Rank No | Name | Pen No | Date of Birth | Educational qualification | Order No. & Date of PSC Advice/Appointment order No. &Date | Date of entry | Date reckoned for seniority | Remarks |
|---|---|---|---|---|---|---|---|---|
| 7 | SHEEJA S | | 31.05.1976 | SSLC, Treatment Organiser Training conducted at State TB & Demonstration centre Trivandrum (04/08/2009 - 03/02/2010) | AR(11)(3)2235/03/KPSC/ALPY,Dtd 19/5/2008 A4/10683/97/DMOH ALP, Dtd10/6/2008 | 04.02.2009 | 19.05.2008 | |
| 7 A | SADHIQALI KALLANKUNNAN | 388516 | 15.05.1986 | SSLC, Not deputed for training yet | Adv. No. MRI(I)-1628/2007/KPSC, Malappuram, Dated: 12.09.2012, A8-20556/12/DMO(MLPM) Dt: 04.10.2012 | 10.10.2012 | 12.09.2012 | |
| 8 | JASEENA. S | 732738 | 30.05.1988 | Higher Secondary, Treatment Organiser Training conducted at State TB & Demonstration centre Trivandrum (27/11/2017 - 26/05/2018) | PIV(2)2454/07/dtd 16/1/2014of KPSC/PKD. A2/1372/2014/DMO(H)PKD dtd 13/2/14 | 04.03.2014 | 16.01.2014 | |

ഒപ്പ്/-
ഡോ. ബിന്ദു മോഹൻ
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (മേലധികാരി മുഖേന)

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ. എഫ് സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്